LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രതിപക്ഷനേതാവിന്റെ ഔദ്യോഗികവസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു: അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 50,37,827 രൂപയും ഇലക്ട്രിക്കൽ ഇനത്തിൽ 17,79,811 രൂപയും ഫർണിച്ചർ റിപ്പയറിംഗിനും പോളിഷിംഗിനും 1,62,736 രൂപയും കർട്ടൻ ഫിറ്റിംഗ്സ് ഇനത്തിൽ 1,39,806 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ടെലിഫോൺ ചാർജ്ജിനത്തിൽ 31-3-2015 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു:

ഓഫീസ്	...	3,63,990 രൂപ
വസതി	...	1,59,882 രൂപ
മൊബൈൽ ഫോൺ	...	28, 522 രൂപ
	ആകെ	5,52,394 രൂപ

അതിഥി സൽക്കാരത്തിനായി 1,30,100 രൂപയും യാത്രാ ബത്ത ഇനത്തിൽ 5,10,672 രൂപയും ചെലവായിട്ടുണ്ട്.

(സി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗികവസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി 2015 ഫെബ്രുവരിവരെ ആകെ 11,43,861 രൂപ ചെലവായിട്ടുണ്ട്.

കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിലെ സ്ഫോടനം

96 (100) ശ്രീ. കെ. കുഞ്ഞാമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽവച്ച് സ്ഫോടകവസ്തുക്കൾ അശ്രദ്ധമായി കൈകാര്യം ചെയ്തതുമൂലം വൻ സ്ഫോടനമുണ്ടാവുകയും പരിസരത്തെ നിരവധി വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കും നാശനഷ്ടം സംഭവിച്ചു എന്നുള്ള പരാതി ഉണ്ടായത് എപ്പോഴാണെന്നും ഇത് സംബന്ധിച്ച് ആരൊക്കെ പരാതി നൽകി എന്നും വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിക്ക് സ്ഥലം എം.എൽ.എ. നൽകിയ കത്ത് റിപ്പോർട്ടിനായി കോഴിക്കോട് ജില്ലാ കളക്ടർക്ക് കൈമാറിയിരുന്നോ ; ഉണ്ടെങ്കിൽ എന്നാണ് കത്ത് കൈമാറിയതെന്നും എത്ര ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാണ് ആവശ്യപ്പെട്ടതെന്നും എന്നാണ് റിപ്പോർട്ട് ലഭിച്ചതെന്നും വ്യക്തമാക്കുമോ ; പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടനുസരിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(ഡി) സ്ഫോടനത്തിൽ കേടുപാടുകൾ പറ്റിയതിന് എപ്പോൾ നഷ്ടപരിഹാരം നൽകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 21-4-2012-ന് എ.ആർ. ക്യാമ്പിൽ സ്ഫോടകവസ്തുക്കൾ നിർവീര്യ മാക്കുമ്പോഴുണ്ടായ സ്ഫോടനത്തിന്റെ ആഘാതത്തിൽ സമീപത്തുള്ള വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചത് സംബന്ധിച്ച് 23-4-2012-ന് ജില്ലാ കളക്ടർ മുമ്പാകെ പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 162 പേരുടെ പരാതികൾ ജില്ലാ കളക്ടർ മുമ്പാകെ ലഭിച്ചിട്ടുള്ളതും പോലീസിൽ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. പരാതി നൽകിയവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സ്ഥലം എം.എൽ.എ. നൽകിയ കത്ത് അടിയന്തര റിപ്പോർട്ടിനായി 2-7-2014-ന് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) ഈ വിഷയത്തിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് പരാതിക്കാരിൽ ഉൾപ്പെട്ട ശ്രീ. റ്റി. പി. സുരേന്ദ്രൻ മുതൽപേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽചെയ്ത ഡബ്ല്യു.പി.സി.-18873/14 നമ്പർ കേസ് നിലവിലുണ്ട്. ആയതിന്മേലുള്ള വിധിയുടെകൂടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ജനസമ്പർക്ക പരിപാടിക്ക് ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം

97 (101) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ജനങ്ങളെ നേരിൽ കണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവയിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണരീതിക്ക് ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ആയത് സംബന്ധിച്ച് യു.എൻ.ഡി.പി.-യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഭരണരീതി പഠന വിധേയമാക്കുവാൻ യു.എൻ.ഡി.പി. തീരുമാനിച്ചതായി അറിയാമോ ; എങ്കിൽ വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly